# മുക്കത്ത് വൻ കഞ്ചാവ് വേട്ട - 50 കിലോ
# കഞ്ചാവുമായി രണ്ടു പേർ പിടിയിൽ





മുക്കം:ആന്ധ്രപ്രദേശിൽ നിന്നും കേരളത്തിൽ വിപണനത്തിനായി കൊണ്ടു വന്ന 50 കിലോ കഞ്ചാവുമായി രണ്ട് പേരെ മുക്കത്ത് പൊലീസ് അറസ്റ്റ് ചെയ്തു. ഇടുക്കി അടിമാലി സ്വദേശികളായ മൈലാടിയിൽ അഫ്സൽ(25), അടിമാലി ഇരുമ്പ്പാലം കുപ്പശ്ശേരി ധനീഷ് (30) എന്നിവരെയാണ് മുക്കം പൊലിസും ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡും മുക്കം-അരീക്കോട് സംസ്ഥാനപാതയിൽ ഓടത്തെരുവിൽ വെച്ച് അറസ്റ്റ് ചെയ്തത്.

വെള്ളിയാഴ്ച വൈകിട്ട് അരീക്കോട് ഭാഗത്ത് നിന്നും സംസ്ഥാന പാതയിലൂടെ മുക്കത്തേക്ക് വരികയായിരുന്ന KL 06 8346 നീല ഡിസയർ കാർ പൊലീസ് പിന്തുടർന്ന് പിടികൂടുകയായിരുന്നു. കാറിന്റ ഡിക്കിയിൽ 2 പ്ലാസ്റ്റിക് ചാക്കുകളിലായി സൂക്ഷിച്ച നിലയിലായിരുന്നു കഞ്ചാവ്. കോഴിക്കോട് ജില്ലയിൽ ഇതുവരെ നടന്നതിൽ വച്ച് ഏറ്റവും വലിയ കഞ്ചാവ് വേട്ടയാണിത്.

കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവി ജി ജയദേവിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി ഡിവൈഎസ്പി പി.ബിജുരാജ്, നാർക്കോട്ടിക് സെൽ ഡിവൈഎസ്പി അശ്വകുമാർ എന്നിവരുടെ മേൽ നോട്ടത്തിൽ മുക്കം എസ്ഐ കെ പി അഭിലാഷ്, അഡീഷണൽ എസ്ഐ ഇ.ടി.ഹമീദ്,ജില്ലാ ലഹരിവിരുദ്ധ സ്ക്വാഡ് (DANSAF) അംഗങ്ങളായ എഎസ്ഐ രാജീവ് ബാബു, ഷിബിൽ ജോസഫ്, ഷെഫീഖ് നീലിയാനിക്കൽ, മുക്കം എഎസ്ഐ ജയമോദ്, ജയപ്രകാശ്, സീനിയർ സിവിൽ പൊലീസ് ഓഫീസർ സലീം മുട്ടത്ത്, സിപിഒമാരായ ശ്രീജേഷ്, കാസിം, അനൂപ്, ഷിബിൻ, അഭിലാഷ് കോടഞ്ചേരി, ജിതിൻലാൽ, ശ്രീകാന്ത്, സൈബർ സെൽ എഎസ്ഐ സത്യൻ, ദീപക് എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.